**<u>പത്രക്കുറിപ്പ്( 25.01.2018)</u>**

**<u>കുപ്രസിദ്ധ മയക്കമരുന്നു കുറ്റവാളി രണ്ടാം തവണയും KAAPA പ്രകാരം അറസ്റ്റിൽ</u>**

വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള യുവാക്കൾക്കിടയിൽ കഞ്ചാവ് വിൽപന നടത്തി വന്നിരുന്ന കുപ്രസിദ്ധ **മയക്കമരുന്ന് കുറ്റവാളി** ശ്രീജിത്ത് @ ലാലു, 24 വയസ്സ്, S/o ശിവദാസൻ, പുൽപറമ്പിൽ വീട്, പള്ളിക്കണ്ടം, ചിറകുന്ന്, പാണഞ്ചേരി വില്ലേജ് എന്നയാളെ തൃശ്ശൂർ സിറ്റി പോലീസ് മേധാവി രാഹുൽ. ആർ. നായർ IPS ന്റെ നിർദ്ദേശപ്രകാരം പീച്ചി പോലീസും, ഷാഡോ പോലീസും ചേർന്ന് അറസ്റ്റ് ചെയ്തു. കഞ്ചാവ് വിൽപന, കവർച്ച, കൊലപാതകശ്രമം, മോഷണം, പോലീസ് സ്റ്റേഷനിൽ കയറി അക്രമം നടത്തൽ തുടങ്ങിയ നിരവധി കേസ്സുകളിൽ പ്രതിയായ ഇയാൾക്കെതിരെ 2016 വർഷത്തിൽ KAAPA ചുമത്തി കരുതൽ തടങ്കലിൽ പാർപ്പിച്ചിരുന്നതാണ്. ആറുമാസക്കാലം കരുതൽ തടങ്കൽ കാലവധി പൂർത്തിയാക്കി ജയിൽമോചിതനായ ഇയാൾ ഒളരി സ്വദേശിയായ യുവാവിനെ പുല്ലഴി കുഞ്ഞിത്തോപ്പ് റോഡിൽ വെച്ച് പൊതുജനങ്ങൾ കാൺകെ ആക്രമിച്ച് ദേഹോപദ്രവം ഏൽപ്പിച്ചതിനെ തുടർന്നാണ് ഇയാൾക്കെതിരെ KAAPA ചുമത്തി നടപടി സ്വീകരിച്ചിരിക്കുന്നത്. പുല്ലഴി കേന്ദ്രീകരിച്ച് ഇയാളും സംഘവും ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തി വരുന്നതായി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഒരു വർഷം വരെ കരുതൽ തടങ്കൽ ലഭിക്കാവുന്നതുമാണ്. ഇയാൾക്കെതിരെ 2007 വർഷം മുതൽ റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് പോലീസ് സൂക്ഷ്മ നിരീക്ഷണം നടത്തി വരികയായിരുന്നു. കഞ്ചാവ് വിൽപന നടത്തിയതിന് അഞ്ച് കേസ്സുകളിൽ പ്രതിയായ ഇയാളെ രണ്ടു കേസ്സുകളിൽ കോടതി ശിക്ഷിച്ചിട്ടുള്ളതാണ്. 2015 വർഷത്തിൽ തമിഴ്നാട്ടിൽ വെച്ച് ട്രെയിൻ യാത്രക്കാരിയുടെ മുതലുകൾ മോഷണം ചെയ്ത കേസ്സിലും ഇയാളെ ശിക്ഷിച്ചിട്ടുണ്ട്. തൃശ്ശൂർ കെ.എസ്. ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന് സമീപമുള്ള ആരാധന ടൂറിസ്റ്റ് ഹോമിൽ മോഷണം നടത്തിയ കേസ്സിലും, തൃശ്ശൂർ അശ്വനി ജംഗ്ഷനിലുള്ള പി.എൻ. കൃഷ്ണൻനായർ & സൺസ് എന്ന പെട്രോൾ പമ്പിൽ വെച്ച് പെട്രോൾ പമ്പിലെ ജീവനക്കാരനായ ഗിരിജൻ എന്നയാളെ ആക്രമിച്ച് പണം കവർച്ച

ചെയ്ത കേസ്സിലും, വിയ്യൂർ അടിയാറ സ്വദേശി സജീവൻ എന്നയാളെ വീട്ടിലേയ്ക്ക് അതിക്രമിച്ച് കയറി വെട്ടികൊലപ്പെടുത്തുവാൻ ശ്രമിച്ച കേസ്സിലും, ഗുണ്ടാ സംഘാഗംങ്ങളുമൊത്ത് കവർച്ച നടത്തുവാൻ ശ്രമിച്ച കേസ്സിലും, പീച്ചി പോലീസ് സ്റ്റേഷനിൽ കയറി പോലീസുദ്യോഗസ്ഥനെ ആക്രമിക്കുകയും, സ്റ്റേഷൻ മുതലുകൾ നശിപ്പിക്കുകയും ചെയ്ത കേസ്സിലും പ്രതിയാണ് അറസ്റ്റിലായ ശ്രീജിത്ത് @ ലാലു..



Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.